بسم الله الرحمن الرحيم

- നോമ്പിന്റെ ശ്രേഷ്ഠതകൾ കഴിഞ്ഞ ഖുത്തുബയിലൂടെ നാം മനസ്സിലാക്കി.
- ഇനി നോമ്പിന്റെ അഹ്കാമുകൾ വിവരിക്കുകയാണ്.

## ❖ നോമ്പ് ഭാഷയിലും ശറഇലും.

- ഇസ്ലാമിൽ ആദ്യം നിർബന്ധമാക്കിയ നോമ്പ് ആശൂറാ നോമ്പായിരുന്നു.
- പിന്നീട് നിർബന്ധം എന്ന വിധി ദുർബലമാക്കി റമദാൻ നോമ്പ് നിർബന്ധമാക്കി.
- അതു തന്നെ എല്ലാവർക്കും നിർബന്ധമായിരുന്നില്ല. ചോയ്സ് നൽകിയിരുന്നു. ഇഷ്ടമുള്ളവർക്ക് നോമ്പ് നോൽക്കാം. അല്ലെങ്കിൽ അന്നം കൊടുത്ത് ഒഴിവാകാമായിരുന്നു. നോമ്പ് എടുക്കലാണ് ഉത്തമം..
- എന്നാൽ സൂറത്തുൽ ബക്വറയിലെ ശഹ്റു റമദാൻ എന്ന ആയത്ത് ഇറങ്ങിയപ്പോൾ തിരഞ്ഞെടുപ്പിനുള്ള സ്വതന്ത്ര്യമുണ്ടായിരുന്ന വിധി ഉയർത്തപ്പെട്ടു.
- അങ്ങനെ വിശ്വാസികൾക്ക് നോമ്പ് നിർബന്ധമായി.

## ❖ നോമ്പ് ഭാഷയിൽ...

- നോമ്പ് എന്ന് അർത്ഥം പറയാറുള്ള (സൗം) എന്ന അറബി പദത്തിന് ഭാഷയിൽ തടഞ്ഞു നിർത്തുക, പിടിച്ച് നിർത്തുക എന്നൊക്കെയാണ് അർത്ഥങ്ങൾ.

الصوم والصيام لغة: الإمساك،

﴿إِنِّي نَذَرْتُ لِلرَّحْمَنِ صَوْمًا﴾ أي: صمتاً؛ لأنه إمساك عن الكلام، ويفسره قوله تعالى: فَلَنْ أُكَلِّمَ الْيَوْمَ إِنسِيًّا ﴾

- മർയം ബീവി പറഞ്ഞതാണ് . ഇവിടെ സംസാരം പിടിച്ചു വെക്കുക...

## ➤ ശറഇൽ നോമ്പ് എന്ത്?

الصوم شرعاً: : التعبُّدُ لله سبحانَه وتعالى، بالإمساكِ عن الأكلِ والشُّربِ وسائِرِ المُفَطِّراتِ، مِن طُلوعِ الفَجرِ إلى غُروبِ الشَّمسِ

## ❖ എപ്പോഴാണ് നോമ്പ് ആരംഭിക്കുന്നത്.

- **രണ്ടു കാര്യങ്ങളിലൂടെ നമുക്ക് റമദാൻ ഉറപ്പിക്കാൻ സാധിക്കും.**

1. **റമദാൻ മാസപ്പിറവി കാണുക.**
2. **ശഅബാൻ മാസം മുപ്പത് ദിവസം പൂർത്തിയാവുക**

## ❖ മാസം കാണുക.

عن أبي هريرة :لا تَصوموا حتى تَرَوُا الهِلالَ، ولا تُفطِروا حتى تَرَوُا الهِلالَ. فإنْ غُبِيَ عليكم فعُدُّوا ثلاثينَ (بخاري)

മാസപ്പിറവി കാണുന്നതു വരെ നിങ്ങൾ നോമ്പ് തുടങ്ങരുത്. ചന്ദ്രപ്പിറവി കാണുന്നതുവരെ നിങ്ങൾ നോമ്പ് മുറിക്കുകയും ചെയ്യരുത്. ചക്രവാളം തെളിയാത്തതു കാരണം ചന്ദ്രനെ കാണാൻ പറ്റാത്ത സാഹചര്യം വന്നാൽ നിങ്ങൾ കണക്ക് കൂട്ടിക്കൊള്ളുക.

### ❖ ശഅബാൻ പൂർത്തിയാക്കുക

أو قال: صوموا لرُؤيَتِه، وأفطِروا لرُؤيَتِه؛ فإنْ غُبِيَ عليكم فعُدُّوا ثلاثينَ. (بخاري)

മാസം കണ്ടാൽ നിങ്ങൾ നോമ്പ് നോൽക്കുക. മാസം കണ്ടാൽ നോമ്പ് മുറിക്കുക. മേഘം കാരണം മറക്കപ്പെട്ടാൽ മുപ്പത് ദിവസം പൂർത്തിയാക്കാം.

### ❖ സംശയ ദിവസത്തെ നോമ്പ്

عن أبي هريرة :لا يَتَقَدَّمَنَّ أحَدُكُمْ رَمَضانَ بصَوْمِ يَومٍ أوْ يَومَيْنِ، إلّا أنْ يَكونَ رَجُلٌ كانَ يَصُومُ صَوْمَهُ، فَلْيَصُمْ ذلكَ اليَومَ. (بخاري)

നിങ്ങൾ റമദാനിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് നോമ്പനുഷ്ഠിക്കരുത്. ആ ദിവസങ്ങളിൽ പതിവാക്കിയവനല്ലാതെ. അവന് ആ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാവുന്നതാണ്.

**മറ്റൊരു ഹദീസിൽ നബി (സ്വ) പറഞ്ഞു;**

عن عمار بن ياسر: من صامَ اليومَ الَّذي يَشُكُّ فيهِ النّاسُ فقد عصى أبا القاسمِ (ابوداوود)

സംശയ ദിവസം നോമ്പ് നോറ്റവൻ അബുൽ കാസിമിന് എതിരു പ്രവർത്തിച്ചു.

### ❖ വിവിധ നോമ്പുകളും ഇനങ്ങളും

വിശുദ്ധ റമദാനിലെ നോമ്പടക്കം പല നോമ്പുകളും ഇസ്ലാമിലുണ്ട്.

1. **നിർബന്ധമായ നോമ്പുകൾ. (അത് രണ്ട് തരത്തിലാണ്)**

- ഓരോ വിശ്വാസിക്കും ശറഇൽ അല്ലാഹു നിർബന്ധമാക്കിയ നോമ്പ്. (റമദാനിലെ നിർബന്ധ നോമ്പ്)
- ഏതെങ്കിലും ഒരു കാരണവുമായി ബന്ധപ്പെട്ട് നിർബന്ധമാകുന്ന നോമ്പ്. ( നേർച്ച നോമ്പ്, കഫ്ഫാറത്ത്)

2. **കഫ്ഫാറത്തായ നോമ്പുകൾ**

✓ **ദിഹാറിന് പകരമുള്ള നോമ്പ്.**

**(സൂറത്തു മുജാദില– മൂന്ന് നാല് ആയത്തുകളിൽ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്)**

✓ **അബദ്ധ വശാലുള്ള കൊലപാതകം.**

ഒരു സത്യ വിശ്വാസി മറ്റൊരു സത്യ വിശ്വാസിയെ അബദ്ധത്തിൽ കൊന്നാൽ അതിന് പ്രായശ്ചിത്തമായി നിശ്ചയിക്കപ്പെട്ടത് നോമ്പാണ്.

فَمَنْ لَمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِنَ اللهِ وَكَانَ اللَّهُ عَلِيمًا حَكِيمًا( النساء: ٩٢)

✓ **സത്യ ലംഘനം**

സത്യം ചെയ്യുകയും പിന്നീട് ലംഘിക്കുകയും ചെയ്യുന്നവർ മൂന്ന് ദിവസം പ്രായശ്ചിത്തമായി നോമ്പ് നോൽക്കണം. (മാഇദ എൺപത്തി ഒമ്പതാമത്തെ ആയത്ത് പഠിക്കുക)

✓ **ഹജ്ജും ഉംറയും**

ഹജ്ജിന്റെയും ഉംറയുടെയും ഇടയിൽ സംഭവിക്കുന്ന വീഴ്ച്ചകൾക്ക് പരിഹാരമായി പ്രായശ്ചിത്ത നോമ്പുകൾ നിശ്ചയിച്ചിട്ടുണ്ട്.

✓ **റമദാനിൽ ഭാര്യയുമായി ബന്ധപ്പെട്ടാൽ.**

റമദാനിൽ ഭാര്യയുമായി പകലിൽ ശാരീരിക ബന്ധം നടത്തിയാൽ രണ്ടു മാസക്കാലം നോമ്പ് അനുഷ്ഠിക്കണം.

**3. നേർച്ച നോമ്പ്.**

- സുന്നത്തായ ഒരു നോമ്പ് നിർബന്ധമായും ഞാൻ നോൽക്കും എന്ന് ഒരാൾ തീരുമാനിച്ചാൽ അയാൾക്ക് ആ നോമ്പ് നോൽക്കൽ നിർബന്ധമായി.
- ആ നോമ്പ് നോൽക്കാതെ ഒരു വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ ബന്ധുക്കൾ ആ നോമ്പ് നോറ്റു വീട്ടണം എന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

## ❖ സുന്നത്തായ നോമ്പുകൾ

1. തിങ്കളും വ്യാഴവും
2. മുഹറം ഒമ്പത്തും പത്തും
3. അറഫ നോമ്പ്
4. അയ്യാമുൽ ബീദ്.
5. ശവ്വാലിലെ ആറു നോമ്പ്.
6. ദാവൂദ് നബി (അ) യുടെ നോമ്പ്.

## ❖ നോമ്പിന്റെ ശർത്വുകൾ

➤ ഒന്ന്: നോമ്പ് സ്വീകരിക്കപ്പെടണമെങ്കിൽ ഉള്ള ശർത്വുകൾ (شَرْطُ صِحَّةٍ).

➤ രണ്ട്: നോമ്പ് നിർബന്ധമാകണമെങ്കിലുള്ള ശർത്വുകൾ (شَرْطُ وُجُوبٍ).

**1. നോമ്പ് സ്വീകരിക്കപ്പെടണമെങ്കിൽ ഉള്ള ശർത്വുകൾ (شَرْطُ صِحَّةٍ).**

ഈ ശർത്വുകൾ പൂർത്തീകരിക്കാത്തവർ നോമ്പ് എടുത്താലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. ഈ പറഞ്ഞ ശർത്വുകൾ നാലെണ്ണമാണ്.

| | | | |
|---|---|---|---|
| ൧ | മുസ്‌ലിമായിരിക്കുക. | ൨ | ബുദ്ധിയുണ്ടായിരിക്കുക |
| ൩ | രാത്രി നിയ്യത്ത് വെച്ചിരിക്കുക | | |
| ൪ | സ്ത്രീകൾ ഹയ്ദ്, നിഫാസ് എന്നിവയിൽ നിന്ന് ശുദ്ധിയായിരിക്കുക | | |

**2. രണ്ട്: നോമ്പ് നിർബന്ധമാകണമെങ്കിലുള്ള ശർത്വുകൾ (شَرْطُ وُجُوبٍ).**

| | |
|---|---|
| ൫ | നോമ്പ് എടുക്കാനുള്ള (ആരോഗ്യ) ശേഷി ഉണ്ടായിരിക്കുക |
| ൬ | യാത്രക്കാരൻ അല്ലാതിരിക്കുക |
| ൭ | പ്രായപൂർത്തിയാവുക. |

### 1. മുസ്‌ലിമായിരിക്കുക.

- ഏതൊരു ഇബാദത്തും സ്വീകരിക്കപ്പെടാൻ ഈ നിബന്ധന നിർബന്ധമാണ്.
- മുസ്‌ലിമല്ലാത്ത ഒരാൾ എന്തെല്ലാം നന്മകൾ ചെയ്താലും അത് അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.

### 2. ബുദ്ധിയുണ്ടായിരിക്കുക.

- ബുദ്ധിയില്ലാത്ത ഭ്രാന്തന്മാരും, പ്രായാധിക്യം കാരണം ബുദ്ധി മറഞ്ഞവരുമാണ്.

### 3. പ്രായപൂർത്തിയാവുക

- ചെറിയ കുട്ടികൾ പ്രായപൂർത്തിയാകുന്നത് വരെ നോമ്പ് നോൽക്കൽ നിർബന്ധമില്ല.
- എന്നാൽ അവർക്ക് പ്രയാസമാകാത്ത രൂപത്തിൽ നോമ്പ് എടുക്കാൻ ശീലിപ്പിക്കുകയും അതിന് പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതുണ്ട്. സ്വഹാബികൾ അപ്രകാരം ചെയ്യാറുണ്ടായിരുന്നു.

### എപ്പോഴാണ് കുട്ടികൾ പ്രായപൂർത്തിയാവുക?

- മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഉണ്ടായാൽ ആൺകുട്ടികളും പെൺകുട്ടികളും പ്രായപൂർത്തിയാകും.

1) പതിനഞ്ച് വയസ്സാവുക.
2) ഗുഹ്യഭാഗങ്ങളിൽ രോമം മുളക്കുക.
3) ഉറക്കത്തിലോ ഉണർച്ചയിലോ സ്ഖലനം സംഭവിക്കുക.

- ഈ മൂന്നുമല്ലാതെ സ്ത്രീകൾക്ക് മാത്രം പ്രത്യേകമായി നാലാമത് ഒരു അടയാളം കൂടിയുണ്ട്. ഹയ്ദ്വ് ആരംഭിക്കുക എന്നതാണത്.
- മുകളിൽ സൂചിപ്പിച്ച ആദ്യത്തെ മൂന്നിൽ ഒരു കാര്യം സംഭവിച്ചാൽ അവർ പ്രായപൂർത്തിയാകും.

### 4. രാത്രി നിയ്യത്ത് വെച്ചിരിക്കുക.

✓ നിയ്യത് എന്നാൽ ഉദ്ദേശം, ഒരു കാര്യം പ്രവർത്തിക്കാനുള്ള തീരുമാനം എന്നൊക്കെയാണ് അർഥം.

✓ നിയ്യതിന്റെ സ്ഥാനം ഹൃദയമാണ്. അത് നാവ് കൊണ്ട് ചൊല്ലിപ്പറയുക എന്നത് പിൽക്കാലത്ത് ഉണ്ടാക്കപ്പെട്ട മോശം ബിദ്അതുകളിൽ ഒന്നാണ്.

- **ഫർദ്വായ നോമ്പിന്റെ നിയ്യത് രാത്രിയിൽ തന്നെ വെച്ചിരിക്കണം.**
- ഫജ്റിന്റെ (സുബഹ്) അദാൻ കൊടുത്തതിന് ശേഷം നിയ്യത് വെച്ചാൽ കാര്യമില്ല. മറിച്ച്, അതിന് മുൻപ് തന്നെ നിയ്യത് ഉണ്ടായിരിക്കണം.

عن حفصَةَ رَضِيَ الله عنها زَوْجِ النَّبِيِّ صلَّى اللهُ عليه وسلَّم قالت: لا صِيامَ لِمَن لم يُجمِعْ قبلَ الفجرِ

عن حفصة أم المؤمنين :من لم يُبيِّتِ الصِّيامَ فلا صيامَ له

- ഇമാം നവവി (റ) പറഞ്ഞത് നിർബന്ധ നോമ്പിന് ഫജ്റിന് മുമ്പ് നിയ്യത്ത് വേണം.

## 5. സ്ത്രീകൾ ഹയ്ദ്വ്, നിഫാസ് എന്നിവയിൽ നിന്ന് ശുദ്ധിയായിരിക്കുക.

ഹയ്ദ്വ്,  നിഫാസ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉള്ള സ്ത്രീകൾ നോമ്പ് എടുക്കൽ നിർബന്ധമില്ല. അല്ല! അവർ നോമ്പ് എടുക്കുന്നത് അനുവദനീയമേ അല്ല.
എന്നാൽ – മേൽ പറഞ്ഞവരിൽ നിന്ന് വ്യത്യസ്തമായി- ഇവർ നഷ്ടപ്പെട്ട നോമ്പുകൾ മറ്റ് ദിവസങ്ങളിൽ നോറ്റ് വീട്ടേണ്ടതുണ്ട്.

## 6. നോമ്പ് എടുക്കാനുള്ള ശേഷി ഉണ്ടായിരിക്കുക (ആരോഗ്യം)

- മനുഷ്യന് സാധ്യമാകാത്ത ഒരു കാര്യവും അല്ലാഹു  നിർബന്ധമാക്കിയിട്ടില്ല.
- പല കാര്യങ്ങളിലും ഇസ്ലാം ഇളവ് കൽപ്പിച്ചതു കാണാം.
- അതു പോലെ നോമ്പിനും ഇളവുണ്ട്.

﴿فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ﴾

രോഗമുള്ളവർക്കും യാത്രക്കാർക്കും നോമ്പിൽ ഇളവുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

## 7. ഏഴ്; യാത്രക്കാരൻ അല്ലാതിരിക്കുക.

﴿فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ﴾ أَيِ: الْمَرِيضُ وَالْمُسَافِرُ لَا يَصُومَانِ فِي حَالِ الْمَرَضِ وَالسَّفَرِ؛

- നാട്ടിൽ ഉള്ളപ്പോൾ മാത്രമാണ് നോമ്പ് നിർബന്ധമാകുന്നത്.
- നാട്ടിൽ നിന്ന് പുറത്തു പോയ യാത്രക്കാരന് നോമ്പ് നോൽക്കൽ നിർബന്ധമില്ല.
- അയാൾ യാത്ര അവസാനിക്കുമ്പോൾ നോമ്പ് നോറ്റ് വീട്ടുകയാണ് വേണ്ടത്.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.